# ബെഞ്ചമിൻ ബെയിലിയുടെ അന്ത്യവിശ്രമസ്ഥാനം

ഡോ. ബാബു ചെറിയാൻ

കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിന് അപൂർവവും അസാധാരണവുമായ ഈടുവെപ്പുകൾ നൽകിയ ബെഞ്ചമിൻ ബെയിലി 1816 നവംബർ 16-ന് കേരളത്തിലെത്തി[1].

മലയാളം അച്ചടിക്കും പുസ്തക പ്രസാധനത്തിനും ആരംഭംകുറിക്കുകയും ഈ രണ്ടുമേഖലകളുടെയും അടിസ്ഥാനം ഉറപ്പിക്കുകയും ചെയ്തു; ഉരുണ്ടതും വലിപ്പംകുറഞ്ഞതും രൂപഭംഗിയുള്ളതുമായ അക്ഷരങ്ങൾ രൂപകല്പന ചെയ്ത്, ആദ്യമായി മലയാളം അച്ചടിയിൽ ഉപയോഗിച്ചു; 'അറുപത്തിയാറു പുസ്തകങ്ങളുടെ ലൈബ്രറി' എന്നു വിശേഷിപ്പിക്കപ്പെടുന്ന ബൈബിൾ മലയാളത്തിലേക്കു സമ്പൂർണമായി പരിഭാഷപ്പെടുത്തി; കൂടാതെ മറ്റ് ഒട്ടനവധി കൃതികളുടെ പരിഭാഷ നിർവഹിച്ചു-അങ്ങനെ, ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കുള്ള പരിഭാഷയ്ക്കു തുടക്കമിട്ടു; കോട്ടയം കോളജിൽ 'ഇംഗ്ലീഷ് ഭാഷാധ്യാപന'വും ഇംഗ്ലീഷ് രീതിയിലുള്ള വിദ്യാഭ്യാസവും (ആധുനിക വിദ്യാഭ്യാസം) ആരംഭിച്ചു; മലയാളഭാഷയിലെ ആദ്യനിഘണ്ടുകാരൻ; കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന ഉച്ചഭാഷയെയും (High Language) സംഭാഷണഭാഷയെയും (Colloquial Language) സമന്വയിപ്പിച്ച് മധ്യമാർഗ ഗദ്യരീതിയിൽ ആധുനിക മലയാളഗദ്യമാതൃക രൂപപ്പെടുത്തുകയും പ്രസ്തുത നവീന മലയാളഗദ്യത്തിൽ കൃതികൾ പരിഭാഷപ്പെടുത്തുകയും/രചിക്കുകയും ചെയ്തു; ലോകത്തെവിടെയും ഭാഷകളുടെ മാനകീകരണത്തിനു നിമിത്തമായ അച്ചടി-പ്രസാധനത്തിലൂടെ ടി. ഗദ്യമാതൃകയെ മാനകീകരിച്ചു; മലയാളം അച്ചടി-പ്രസാധനങ്ങളിലൂടെയും ആധുനികവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകമായ പാഠപുസ്തകങ്ങളിലൂടെയും മലയാള സാഹിത്യം എന്നൊരു സംവർഗത്തിന്റെ ഉദയവികാസങ്ങൾക്കു വഴിയൊരുക്കി. അധീശഭാഷയായ സംസ്കൃതത്തിൽനിന്ന് ഭിന്നമായ ഒന്നായി, മാതൃഭാഷ എന്ന നിലയിൽ, മലയാളത്തെ യഥാസ്ഥാനപ്പെടുത്തുന്നതിൽ മുഖ്യപങ്കുവഹിച്ചു; 'ആധുനികത'യുടെ മുഖ്യസംവാഹകവും പ്രാതിനിധ്യവുമായ സ്ഥാപനങ്ങളിലൂടെ (Institutions-College, Printing Office, School) ആധുനിക കോട്ടയം പട്ടണത്തിന്റെ രൂപപ്പടലിനു തുടക്കംകുറിച്ചു[2].

ഇതിൽ ഒന്നുപോലും മറ്റൊന്നുകൊണ്ട് പകരംവെക്കാവുന്ന കാര്യമല്ല; ഒന്നുപോലും മറ്റെന്തിനെങ്കിലും തുല്യവുമല്ല. ബെഞ്ചമിൻ ബെയിലി ഇത്രയും കാര്യങ്ങൾ ചെയ്തതാകട്ടെ, അദ്ദേഹത്തിന്റെ മുഖ്യദൗത്യമായിരുന്ന മിഷനറി പ്രവർത്തനങ്ങൾക്കു പുറമേയായിരുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ബെയിലിയുടെ മിഷനറി പ്രവർത്തനത്തിന്റെ അനുജാതഫലങ്ങളായി ലഭിച്ചവയാണ് പ്രസ്തുത സാംസ്കാരിക സംഭാവനകൾ.

കേരളത്തെ മാതൃഭൂമിയായും മലയാളത്തെ മാതൃഭാഷയായും കരുതിയ ബെഞ്ചമിൻ ബെയിലി മൂന്നോ നാലോ പുരുഷാർഥങ്ങൾകൊണ്ടുമാത്രം ചെയ്തുതീർക്കാൻ കഴിയുന്ന കാര്യങ്ങൾ മൂന്നുദശാബ്ദങ്ങൾകൊണ്ടു പൂർത്തിയാക്കിയതിനുശേഷം 1850 മാർച്ച് 13-ന് ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പോയി.

ഇംഗ്ലണ്ടിലെത്തിയ ബെഞ്ചമിൻ ബെയിലി പിന്നെയും ദീർഘകാലം ജീവിച്ചു. എങ്കിലും, ബെയിലിയുടെ ഇംഗ്ലണ്ടിലെ ജീവിതത്തെയും പ്രവർത്തനങ്ങളെയുംകുറിച്ച് വളരെ പരിമിതമായ കാര്യങ്ങളെ അറിയാൻ കഴിഞ്ഞിട്ടുള്ളു: ഷെന്റണിൽ റെക്ടറായി സേവനം അനുഷ്ഠിച്ചു; സി.എം.എസിന്റെ ഓണററി ലൈഫ് ഗവർണറായി; കൊൻഡോവറിൽ റൂറൽ ഡീൻ ആയിരുന്നു-ഇത്രമാത്രം.

## ബെഞ്ചമിൻ ബെയിലി ചരിത്രത്തിന്റെ ഇരുട്ടിലേക്ക്

ബെഞ്ചമിൻ ബെയിലി കേരളത്തിനു നൽകിയ അച്ചടിമുതൽ ആധുനികവിദ്യാഭ്യാസംവരെയുള്ള സാംസ്കാരിക സംഭാവനകളുടെ അനുദിന ഗുണഭോക്താക്കളായിരുന്നിട്ടും മലയാളികൾ എന്തുകൊണ്ട് അദ്ദേഹത്തെ മറവിയിലേക്കു തള്ളി? ബെയിലി ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പോയ 1850 മുതൽ മരണമടഞ്ഞ 1871 വരെയുള്ള അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും എന്തുകൊണ്ട് വിസ്മൃതിയിലായിപ്പോയി? രണ്ടും മൂന്നും തലമുറ മിഷനറിമാർക്ക് മുൻഗാമികളെക്കുറിച്ച് വേണ്ടത്ര ആദരവില്ലാതെപോയതും അവർ നിയോഗങ്ങളിൽ യാന്ത്രികമായിമാത്രം മുഴികിപ്പോയതും ഇത്തരമൊരു മറവിക്കു കാരണമായിരുന്നിരിക്കാം. ബെയിലിയുടെ കൃതികളുടെ, വിശേഷിച്ച് നിഘണ്ടുക്കളുടെപോലും-പുതിയ പതിപ്പുകൾ ലഭ്യമല്ലാതെ പോയതാണ് മലയാളികളുടെ മറവിക്ക് മറ്റൊരു കാരണം. സാന്ദർഭികമായി പ്രസിദ്ധീകരിക്കപ്പെടാറുള്ള അനുസ്മരണങ്ങൾപോലും മിഷനറിരേഖകളിൽ ബെയിലിയെക്കുറിച്ചു കാണുന്നില്ലായെന്നുള്ളത് മനപ്പൂർവമായ തമസ്കരണമോ എന്നു സംശയിക്കാൻ ഇടവരുത്തുന്നു (പക്ഷേ, അദ്ദേഹം മരിക്കുംവരെ ചർച്ച് മിഷനറി സൊസൈറ്റിയുടെ ഓണററി ലൈഫ് ഗവർണർ ആയിരുന്നു). ഇക്കാലത്ത് ബെയിലിയുടെ സാന്നിധ്യമറിയിക്കുന്ന ഒരേയൊരു സംഗതി, സി.എം.എസിന്റെ ഒരു വാർഷിക യോഗത്തിൽ അദ്ദേഹം നിർവഹിച്ച ധ്യാനപ്രസംഗം (sermon) മാത്രമാണ്.

ബെഞ്ചമിൻ ബെയിലിയുടെ സംഭാവനകൾ, തുടക്കത്തിൽ പട്ടികപ്പെടുത്തിയിട്ടുള്ളത്, വെറുതേ ഓടിച്ചു വായിച്ചു പോകാതെ, ഓരോന്നും മനസ്സിരുത്തി വായിച്ചു നോക്കുക: ഇതിൽ ഏതെങ്കിലും ഒരൊറ്റ കാര്യംപോരേ, ഒരാൾക്ക് ഒരു നാടിന്റെ ചരിത്രത്തിൽ ലബ്ധപ്രതിഷ്ഠ ലഭിക്കുന്നതിന്?

എല്ലാ പഞ്ചായത്തിലും ഹൈസ്കൂളും ആശുപത്രിയും ഉണ്ടാകുന്നതിനുമുമ്പേ, മുഴുവൻ പ്രദേശങ്ങളിലും അച്ചടിശാലകൾ സ്ഥാപിക്കപ്പെട്ട സംസ്ഥാനമാണു കേരളം. ഇത്രയധികം അച്ചടിശാലകളും പുസ്തകപ്രസാധകരും ഉണ്ടായിട്ടുള്ള മറ്റൊരു സംസ്ഥാനം ഇൻഡ്യയിൽ കാണുകയില്ല (കേരളത്തിലെ അച്ചടിശാലകളുടെയും പ്രസാധകരുടെയും ഒരു പൂർണപട്ടികപോലും ഇന്നും ലഭ്യമല്ല എന്നുള്ളതു മറ്റൊരു കാര്യം)

എന്നിട്ടും കേരളത്തിൽ മലയാളം അച്ചടി ആരംഭിച്ച, പുസ്തകപ്രസാധനത്തിനു ആരംഭംകുറിച്ച ബെഞ്ചമിൻ ബെയിലി എന്തേ, വേണ്ടപോലെ കേരളത്തിനു പരിചിതനല്ല?

സമുദായ പരിഷ്കർത്താക്കളെയും സംഘാടകരെയും വാശിക്കുവാശിക്ക് നവോത്ഥാന നായകരാക്കുന്നവർ അച്ചടി-ആധുനിക വിദ്യാഭ്യാസങ്ങൾ സൃഷ്ടിച്ച വിജ്ഞാനവിസ്ഫോടനത്തിലൂടെ ആശയമാറ്റത്തിനു സജ്ജമായ കേരള സമൂഹത്തിൽ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽതന്നെ ഉണ്ടായ നവമായ (പുതിയ) ഉത്ഥാനത്തെ (ഉയിർപ്പിനെ) എന്തുകൊണ്ടു കാണാതെ പോയി? നവോത്ഥാനത്തിന്റെ അർത്ഥമെങ്കിലും അവർ അറിയാതെ പോകുന്നതെന്തുകൊണ്ട്? സമുദായപരിഷ്കരണവും സമുദായസംഘാടനവും നവോത്ഥാനത്തിന്റെ പര്യായപദങ്ങളല്ല, ഫലമാണ് എന്നു പണ്ഡിതർ പറഞ്ഞുകൊടുക്കാത്തത് എന്തുകൊണ്ട്?

## അച്ചടി ചരിത്രാന്വേഷികൾ ബെയിലിയെ തിരയുന്നു

മലയാളത്തിലെ പ്രാചീനവും അമൂല്യവും അലഭ്യവുമായ കൃതികൾ കണ്ടെത്തി, ഡിജിറ്റൈസ് ചെയ്ത്, പൊതുസഞ്ചയരേഖകളുടെ ഭാഗമാക്കുന്ന സന്നദ്ധപ്രവർത്തനത്തിൽ വർഷങ്ങളായി വ്യാപരിക്കുന്ന ഷിജു അലക്സിനോട് (ബാംഗ്ലൂർ) ബെയിലിയുടെ ജീവിതസായാഹ്നത്തെക്കുറിച്ച് അന്വേഷിക്കുന്ന കാര്യം യാദൃശ്ചികമായാണു സൂചിപ്പിച്ചത്. മലയാളം അച്ചടി ചരിത്രത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിലും പഠനങ്ങളിലും ലേഖനരചനയിലും ഷിജുവിന് ഒപ്പമുണ്ടായിരുന്നവരാണ് സിബു സി.ജെ., സുനിൽ വി.എസ്. എന്നിവർ[3].

ഔദ്യോഗിക ജീവിതത്തിന്റെ ഭാഗമായി ഇംഗ്ലണ്ടിൽ താമസിക്കുന്ന സിബു അവിടെ നടത്തിയ ചില അന്വേഷണങ്ങളെക്കുറിച്ചും അതിന്റെ ഫലമായി കണ്ടെത്തിയ കൃതികളെക്കുറിച്ചും ഷിജുവിന്റെ വെബ് സൈറ്റിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ പരിശ്രമത്തിനൊപ്പം ബെയിലിയെക്കുറിച്ചുകൂടി അന്വേഷിക്കാമോ എന്ന് ഷിജുവിനോടു ചോദിച്ചു. അതേത്തുടർന്ന് ഷിജു സിബുവിന് ഇക്കാര്യം സംബന്ധിച്ച് ഒരു ഇ-മെയിൽ അയച്ചു. അതിൽനിന്നുള്ള പ്രസക്തഭാഗം താഴെ ഉദ്ധരിക്കുന്നു:

"ബെഞ്ചമിൻ ബെയിലി ഏകദേശം 35 വർഷത്തോളം നീണ്ട പ്രവർത്തനങ്ങൾക്ക് ശേഷം 1850-ൽ കേരളത്തിൽ നിന്ന് തിരിച്ചു പോയി. സി.എം.എസ്. മിഷന്റെ വിവിധ രേഖകളിൽ ഇദ്ദേഹം കേരളത്തിൽ ഉണ്ടായിരുന്നപ്പോൾ സി.എം.എസ് മിഷനുവേണ്ടി ചെയ്ത പല കാര്യങ്ങളും പറയുന്നുണ്ട്. എന്നാൽ അദ്ദേഹം കേരളത്തിനകത്തുനിന്ന് ചെയ്ത മറ്റ് പല പ്രവർത്തനങ്ങളും നമ്മൾ മനസ്സിലാക്കിക്കൊണ്ട് ഇരിക്കുന്നതേ ഉള്ളൂ. അപ്പോൾ 1816 മുതൽ 1850 വരെയുള്ള പ്രവർത്തനം ഏകദേശം ഒക്കെ ട്രാൻസ്പേരന്റാണ്.

എന്നാൽ പുള്ളി 1850-ൽ കേരളം വിട്ടതോടെ സംഗതി മാറിമറിഞ്ഞു. പിന്നീട് സി.എം.എസ്. മിഷന്റെ വിവിധ രേഖകളിൽനിന്ന് അദ്ദേഹം പൂർണ്ണമായി തിരസ്കരിക്കപ്പെട്ടിരിക്കുന്നു. മിഷണറിമാരുടെ ഇടയിൽ ഉണ്ടായിരുന്ന പടലപിണക്കം കാരണം അദ്ദേഹത്തെ ഒഴിവാക്കുക ആയിരുന്നു എന്ന് ചിലർ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ സ്വതെയുള്ള അന്തർമുഖത്വവും ഇതിനു ഒരു കാരണമായി എന്ന് പറയുന്നു. 1850-നുശേഷം ഷൈന്റണിൽ ഒരു ചെറിയ പള്ളിയിൽ വികാരികായും ആ പ്രദേശത്തോട് ചേർന്ന കുറച്ചധികം പള്ളികളുടെ റെക്ടറായും പ്രവർത്തിച്ചു എന്നാണ് നമ്മൾക്ക് ആകെ അറിയുന്നത്. ഷൈന്റണിലെ പള്ളിയിൽ വികാരിയായിരുന്ന സമയത്താണ് 1871-ൽ അദ്ദേഹം മരിക്കുന്നത്. ഞാൻ മുകളിൽ സൂചിപ്പിച്ചപോലെ സി.എം.എസ്. മിഷന്റെ രേഖകളിൽ അദ്ദേഹത്തിന്റെ മരണത്തെകുറിച്ചുള്ള വിവരങ്ങളും പൂർണ്ണമായി ഒഴിവാക്കപ്പെട്ടിരിക്കുന്നു.

എന്നാൽ 35 വർഷത്തോളം മലയാളത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഒരു മനുഷ്യന്റെ അവസാന 20 വർഷം അതുമായി യാതൊരു ബന്ധവും ഇല്ലായിരുന്നു എന്നത് അത്ഭുതമാണ്. സമകാലീനനായ ഗുണ്ടർട്ട് കേരളം വിട്ട് 12 വർഷത്തോളം കഴിഞ്ഞാണ് നിഘണ്ടുവും മറ്റ് പ്രധാനപ്പെട്ട പല സംഗതികളും ചെയ്തത് എന്ന് ഓർക്കുക. അതിനാൽ ബെയിലിയുടെ കാര്യത്തിൽ എന്തൊക്കെയോ മറഞ്ഞു കിടക്കുന്നു.

ചുരുക്കത്തിൽ 1850 മുതൽ 1871 വയെയുള്ള ബെഞ്ചമിൻ ബെയിലിയുടെ പ്രവർത്തനങ്ങളുടെ ഗ്യാപ്പ് അടയ്ക്കുക ആണ് ഉദ്ദേശം.

ഇപ്പോൾ ആദ്യഘട്ടത്തിൽ ചെയ്യാവുന്നത് ഷൈന്റണിലെ പള്ളിയിൽ (ആംഗ്ലിക്കൻ പള്ളിതന്നെ ആവണം) ബെഞ്ചമിൻ ബെയിലിയുമായി ബന്ധപ്പെട്ട രേഖകൾ ഉണ്ടോ എന്ന് അറിയുക ആണ്. അദ്ദേഹത്തെ അടക്കിയത് അവിടെ ആണെങ്കിൽ ശവകുടീരവും ആ പള്ളിയിൽതന്നെ ഉണ്ടാവണം.

ചിലപ്പോൾ കുറച്ചധികം ഗവേഷണം വേണ്ടിവരുന്ന ഒന്നാകാം ഇത്. നമുക്ക് ഷൈന്റണിലെ പള്ളിയിൽനിന്ന് തുടങ്ങാം. ഞാൻ കുറച്ച് തപ്പി ഇങ്ങനെ ഒരു വിവരം കിട്ടി: http://www.melocki.org.uk/salop/Sheinton.html. ഇതിൽ Benjamin Bailey, C.M.S. missionary in Travancore; 1857-71. എന്ന് കാണുന്നുണ്ട്. ഇത് ഒരു ലീഡായി കൂടുതൽ സംഗതികളിലേക്ക് കടന്നു ചെല്ലണം.

സി.എം.എസ് രേഖ്കളിൽ ഒന്നും പുള്ളിയെകുറിച്ച് പിന്നീട് പരാമർശം ഇല്ല. ആഗ്ലിക്കൻ ചർച്ച് രേഖകൾമാത്രമാണ് ഇനി ആശ്രയം. അവിടെ എത്തിയതിനുശേഷം അദ്ദേഹത്തിന്റെ സാമൂഹ്യജീവിതം ഒക്കെ എങ്ങനെ ആയി

രുന്നു എന്നും പിടിയില്ല. പുള്ളിയുടെ സംഭാവനകളെ കുറിച്ച് പഠിക്കാൻ ശ്രമിച്ച കോട്ടയം ഇങ്ങട കോളേജിലെ ഡോ: ബാബു ചെറിയാനും 1850നു ശേഷമമുള്ള ജീവിതത്തെ കുറിച്ച് ഇരുട്ടിൽ തപ്പുകയാണ്. രേഖകൾ ഒന്നും ഇല്ലാത്തത് തന്നെ ആണ് പ്രശ്നം. നമുക്ക് ഇവിടെ ഒരു ചെറിയ അഡ്വാന്റേജ് ഉള്ളത് നമുക്ക് പുള്ളി അവസാന കാലത്ത് ജീവിച്ചിരുന്ന സ്ഥലത്തെക്ക് അക്സെസ് കിട്ടുന്നു എന്നാണ്.

നമുക്ക് പള്ളിയിൽനിന്ന് തുടങ്ങാം.

ആദ്യമായി മരിച്ച് അടക്കിയിരിക്കുന്ന പള്ളി ഏതാണെന്ന് മനസ്സിലാക്കണം

ശവകുടീരത്തിന്റെ ഫോട്ടോ എടുക്കണം

പള്ളിയിൽ അദ്ദേഹത്തെപ്പറ്റിയുള്ള എന്തെങ്കിലും രേഖകൾ ഉണ്ടോ എന്ന് മനസ്സിലക്കണം

പള്ളിവഴി അദ്ദേഹത്തിന്റെ പിൽക്കാല തലമുറയിലേക്ക് എത്താൻ പറ്റുമോ എന്ന് നോക്കണം

പള്ളിയുടെ കുറച്ച് ലിങ്കുകൾ

http://www.slowe.eclipse.co.uk/Churches%20in%20the%20Team.htm#Sheinton

http://www.flickr.com/photos/34691969@N04/6352845538/

https://www.britishlistedbuildings.co.uk/101175850-church-of-st-peter-and-st-paul-sheinton

അദ്ദേഹം കേരളത്തിൽനിന്ന് പോയപ്പോൾ (ഗുണ്ടർട്ട് ചെയ്തതുപോലെ സ്വന്തം പുസ്തകശേഖരം മൊത്തമായി കൊണ്ട്പോയില്ലെങ്കിലും) സ്വന്തം നോട്ട് ബുക്കുകളും മറ്റും എങ്കിലും കൊണ്ടുപോയി കാണും എന്ന് ആശിക്കുന്നു. അതൊക്കെ അനന്തര തമുറയിൽനിന്നോ പള്ളിയിൽനിന്നോ തപ്പിയെടുക്കാൻ കഴിഞ്ഞാൽ നമ്മൾ ഒരു നിധി ആയിരിക്കും കണ്ടെടുക്കുക.

ചില രേഖകൾ കിട്ടുക ആണെങ്കിൽ ഇതൊരു ഗവേഷണവിഷയമാക്കിമാറ്റാം.

ചുരുക്കത്തിൽ എന്തെങ്കിലും ഗവേഷണസാദ്ധ്യത ഉണ്ടോ എന്ന് തപ്പാം".

ഷിജുവിന്റെ അഭിപ്രായങ്ങൾ പരമപ്രാധാന്യത്തോടെ സ്വീകരിച്ച സിബു ബെയിലി സേവനമനുഷ്ഠിച്ചതായി പറയപ്പെടുന്ന ഷൈന്റൺ ദേവാലയത്തെക്കുറിച്ചുള്ള വിവരശേഖരണത്തോടെ തന്റെ അന്വേഷണം ആരംഭിച്ചു. ഈ അന്വേഷണം അവസാനിച്ചതാകട്ടെ ബെയിലിയുടെ ജീവിതസായാഹ്നമണ്ഡലമായിരുന്ന ഷൈന്റൺ ദേവാലയ മുറ്റത്ത് ആരും അറിയാതെ, മറഞ്ഞു കിടന്നിരുന്ന രണ്ടു ശവകുടീരങ്ങളിലാണ്-ബെഞ്ചമിൻ ബെയിലിയുടെയും എലിസബേത്ത് എല്ല ബെയിലിയുടെയും ശവകുടീരങ്ങളിൽ. ബെയിലിയുടെ അന്ത്യവിശ്രമസ്ഥാനം അന്വേഷിച്ചു കണ്ടെത്തിയ ആദ്യമലയാളിയുടെ വാക്കുകൾ ഇങ്ങനെ:



ഷൈന്റണിലെ സെന്റ് പീറ്റർ ആൻഡ് സെന്റ് പോൾ പള്ളി. ചിത്രത്തിൽ വെസ്ട്രിയോടു ചേർന്നു കാണുന്നത് ബെഞ്ചമിൻ ബെയിലിയുടെയും എലിസബത്ത് എല്ല ബെയിലിയുടെയും ശവകുടീരങ്ങളാണ്. ബെഞ്ചമിൻ ബെയിലി തിരുവിതാംകൂറിൽനിന്ന് ഇംഗ്ലണ്ടിലെത്തിയതിനുശേഷം ഡീനായും റെക്ടറായും സേവനമനുഷ്ഠിച്ചിരുന്നത് ഈ ദേവാലയത്തിലാണ്.



ഷൈന്റണിലെ സെന്റ് പീറ്റർ ആൻഡ് സെന്റ് പോൾ പള്ളിയുടെ ഉൾവശം

“ഞാൻ ലണ്ടനടുത്താണ് താമസം. അവിടെനിന്ന് മൂന്ന് മണിക്കൂറെടുക്കും വെയിൽസ് (Wales) അതിർത്തിയിലുള്ള ഷൈന്റണിലേയ്ക്ക് (Sheinton). അനിയന്റെ സ്ഥലമായ ബിർമിങ്ഹാമിൽനിന്ന് ഒരു മണിക്കൂറും ആണ് ഈ ഓണം കേറാമൂലയിലേക്ക്. അനിയന്റെ വീട്ടിൽനിന്ന് രണ്ടു കുടുംബങ്ങളുംകൂടി പോകാം എന്നായിരുന്നു പ്ലാൻ. അവസാനം അങ്ങനെ ഒരു അവസരം ഒത്തുവന്നത് കഴിഞ്ഞ തിങ്കളാഴ്ചയിലെ (27 May 2019) പൊതുഅവധിക്കാണ്.

ഇവിടത്തെ എല്ലാ പഴയ പള്ളികളിലും അനേകം കുഴിമാടങ്ങൾ ഉണ്ടാകും. അതിൽ കഴിഞ്ഞ ഒരു നൂറുകൊല്ലത്തിന് ഉള്ളിലുള്ളതേ മിക്കവാറും വായിക്കാനാവൂ. അതുകൊണ്ട് ഒരാളുടെ കുഴിമാടം എവിടെ എന്ന് കണ്ടുപിടിക്കാൻ രജിസ്റ്ററി നോക്കണം.

ഷൈന്റണിലെ സെന്റ് പീറ്റർ ആൻഡ് സെന്റ് പോൾ പള്ളിയുടെ നമ്പറുകൾ കണ്ടുപിടിച്ച് വിളിച്ചു. പലതിലും വോയ്സ് മെസേജുകൾ ഇട്ടു. അവസാനം ഒന്നിൽ നിന്ന് മറുപടി വന്നു. ഈ ആംഗ്ലിക്കൻ പള്ളിയിലെ വൈദികയായ സാറാ ഹെയർ എന്ന സ്ത്രീ ആയിരുന്നു അത്. അവർ വളരെ സൗമ്യമായി സംസാരിക്കുന്നു. റെജിസ്റ്ററി മറ്റൊരച്ചന്റെ കൈയിലാണ്; അദ്ദേഹം ഒരാഴ്ച കഴിഞ്ഞേ വരൂ. എന്നാലും 150 വർഷം പഴയ കുഴിമാടങ്ങളുടെ കാര്യം അതിലുണ്ടാവുമോ എന്ന് ഉറപ്പില്ല. ഷ്രോപ്ഷയർ (Shropshire) കൗണ്ടിയിലേക്ക് വിളിച്ചാൽ ചിലപ്പോൾ വിവരം കിട്ടും. ഷ്രോപ്ഷയർ ആണ് ഷൈന്റണിന്റെ താലൂക്ക്. ഈ രണ്ട് ദിവസവും അവധിയായതിനാൽ കൗണ്ടിയിൽനിന്ന് വിവരം സംഘടിപ്പിച്ച് അങ്ങോട്ട് പോകുന്നതൊക്കെ ഗോപി. എന്തായാലും പോകാം, അവിടെ ചെന്ന് തലങ്ങും വിലങ്ങും നോക്കാം എന്ന് ഉറപ്പിച്ച് പോകാൻതന്നെ തീരുമാനിച്ചു. അടിപൊളി സ്ഥലമാണ് എന്നും അതു കഴിഞ്ഞ് പബ്-ലഞ്ച് എന്നൊക്കെ പ്രലോഭിപ്പിച്ച് എല്ലാത്തിലും ഉടക്കുണ്ടാക്കുന്ന നാല് പിള്ളാരേയും ചട്ടം കെട്ടി.

ഹൈവേയിൽനിന്ന് ഇറങ്ങിയതുമുതൽ മനോഹരമായ ഭൂപ്രദേശം. അവിടമൊന്നും അധികമാരും താമസമില്ലെന്ന് ഉറപ്പ്.

അറുപതോളം പേരുള്ള ഒരു ഗ്രാമമാണ് ഷൈന്റൺ. അതിൽ മിക്കവരും റിട്ടർ ചെയ്തവർ. ഡോക്ടർമാരുടെ എണ്ണം കൂടുതലാണ്-റിട്ടയർ ചെയ്ത ആറുപേർ. അവിടെ ഒരു കുന്നിൻപുറത്താണ് സെന്റ് പീറ്റർ ആന്റ് സെന്റ് പോൾ എന്ന ആംഗ്ലിക്കൻ ചർച്ച്. മാസത്തിലൊരിക്കലാണ് കുർബാന. ഇന്നലെത്തെ കുർബാനയ്ക്ക് 8 പേരുണ്ടായിരുന്നു പോലും! ഇന്നാട്ടിലെ പല പള്ളികളുടെയും കാര്യം ഇതിലും കഷ്ടമാണ്. പലതും പൂട്ടിക്കിടക്കുന്നു. 12-ാം നൂറ്റാണ്ടിൽ നോർമൻ ഫ്രഞ്ചുകാരുടെ കാലത്ത് പണിതതാണ് ഈ പള്ളി; പിന്നീട് 17-ാം നൂറ്റാണ്ടിൽ പുതുക്കിപ്പണിതിരിക്കുന്നു.

പിന്നീട് ഈ പള്ളി മൊത്തം പുതുക്കുന്നത് റവ. ബഞ്ചമിൻ ബെയിലി ഷൈന്റണിൽ വരുന്ന സമയത്താണ്.

ഞങ്ങളവിടെ എത്തിയപ്പോൾ പുല്ല് വെട്ടിക്കൊണ്ടിരുന്ന ഒരു 60-70 വയസ്സ് തോന്നിക്കുന്ന ആൾ അടുത്തേക്ക് വന്നു. പേര് ഇയൻ (Ian). ഞങ്ങൾ വരവിന്റെ ഉദ്ദേശം പറഞ്ഞു. ഇയൻ പള്ളിയുടെ തൊട്ടടുത്ത വീട്ടിൽ താമസ്സിക്കുന്നൂ എന്നേ ഉള്ളൂ. പള്ളിയുടെ ചുറ്റിലുമായി കുറെ ഏറെ സ്മാരകശിലകൾ ചിതറിക്കിടക്കുന്നുണ്ട്.

‘ദേ നോക്ക് ഇവിടെ ഒരു എലിസബത്ത് ’, എന്ന് ഇയൻ ചൂണ്ടിക്കാണിച്ചു. നോക്കിയപ്പോൾ രണ്ട് ശിലകളുള്ളതിൽ വലത് വശത്തേതിൽ എലിസബത്ത് എന്ന് ചെറുതായി വായിക്കാം. മൊത്തം, വർഷങ്ങളായി മൂടിയ പൂപ്പൽ ഉണങ്ങി കട്ടപിടിച്ചിരിക്കുകയാണ്. ഇടതുവശത്തുള്ളത് വർഷങ്ങളായി ഒന്നും വായിക്കാനാവാത്ത അവസ്ഥയിലും.

ദീപയാണ് എലിസബത്തിന് താഴെ ബെയിലി എന്ന് അതിലും മങ്ങി കണ്ടത്. ഉടനെ ഇയൻ പോയി ഒരു ബ്രഷ് കൊണ്ടുവന്ന് ചുരണ്ടാൻ തുടങ്ങി. ബെഞ്ചമിൻ ബെയിലിയുടെ ഭാര്യ എലിസബത്ത് ഇവിടെ വിശ്രമിക്കുന്നു എന്ന ലിഖിതം പെട്ടെന്നുതന്നെ തെളിഞ്ഞു വന്നു.





ബെഞ്ചമിൻ ബെയിലിയുടെയും എലിസബത്ത് എല്ല ബെയിലിയുടെയും ശവകുടീരങ്ങൾ;
ഇടതുവശത്തേത് ബെഞ്ചമിൻ ബെയിലിയുടെയും വലതുവശത്തേത് എലിസബത്ത് എല്ല ബെയിലിയുടെയും.




*ബെഞ്ചമിൻ ബെയിലിയുടെശവകുടീരം*
*"In memory of The Rev. Benjamin Bailey. Thirty four years a missionary of the Church Missionary Society in Travancore South India and fourteen years Rector of this parish........"*




*എലിസബത്ത് എല്ല ബെയിലിയുടെശവകുടീരം*




*എലിസബത്ത് എല്ലയുടെ സ്മരണയ്ക്കുവേണ്ടി സെന്റ് പീറ്റർ ആൻഡ് സെന്റ് പോൾ പള്ളിക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ള ഫലകം*

എങ്കിൽ ഇടത് വശത്തുള്ളത് ബെഞ്ചമിൻ ബെയിലിതന്നെ ആയിരിക്കണമല്ലോ എന്ന ആവേശമായി ഞങ്ങൾക്ക്. ഇയൻ ഉടനെ അവിടെയും ചുരണ്ടാൻ തുടങ്ങി. കുറച്ച് വാക്കുകളൊഴികെ ബാക്കിയെല്ലാം ആ ശിലയിലും തെളിഞ്ഞു:

In
memory of
The Rev. BENJAMIN BAILEY.
Thirty four years a Missionary
of the Church Missionary Society
in Travancore South India.
and fourteen years Rector of this Parish
He fell asleep in Jesus.
April 3rd -1871. 80 years.

1859-ൽ ഭാര്യമരിച്ചതിന് ശേഷമുള്ള 12 കൊല്ലവും എല്ലാ ദിവസവും ബെഞ്ചമിൻ ബെയിലി ഭാര്യയുടെ കുഴിമാടത്തിൽ വന്നിരിക്കാറുണ്ടത്രേ. ഇതേപ്പറ്റി ഒരു കവിത ആ നാട്ടുപ്രദേശത്ത് പ്രചാരത്തിലും ഉണ്ട്. എപ്പോഴെങ്കിലും ആ വരികൾ ഇയൻ കണ്ടുപിടിച്ച് തരുമായിരിക്കും.

പള്ളിക്കകത്ത് ബെയിലിയുടെ ഭാര്യയുടെ ഒരു ഫലകമുണ്ട്. എന്നാൽ ബെയിലിയുടേത് ഇല്ല. അതുകൊണ്ട് ഇത് ബെയിലി വച്ചതായിരിക്കുമെന്ന് ഊഹിക്കുന്നു.

ബെയിലിയുടേതാണെന്ന് ഇയൻ ഊഹിക്കുന്ന ഈ ചിത്രം അദ്ദേഹം എടുത്തു കൊണ്ടുവന്നു:


ഇയൻ ബെഞ്ചമിൻ ബെയിലിയുടേത് എന്ന് ഊഹിക്കുന്ന ചിത്രം

ബെയിലി 14 കൊല്ലം താമസിച്ച ഈ വീടിന്റെ ഉടമസ്ഥൻ സ്കോട്ട്ലണ്ടുകാരനായ ഇയനും ഇംഗ്ലീഷുകാരിയായ ഭാര്യ ബ്രിജിറ്റയും ആണ്. രണ്ടുപേരും റിട്ടയർ ചെയ്ത NHS ഡോക്ടർമാർ. പണ്ട് അവർ കോംഗോ മൈനുകളിലും മറ്റും ജോലി ചെയ്തിട്ടുണ്ട്. ഇന്ന് 80 വയസുണ്ട് ഇയന് എന്ന് പറയുകയേ ഇല്ല. നല്ല ആരോഗ്യം, ചുറുചുറുക്ക്, ഓർമ്മ. വല്ലപ്പോഴും ആണ് ആരെങ്കിലും ഈ സ്ഥലം കാണാനായി വരുന്നത്. അതുകൊണ്ടുതന്നെ ഈ ശിലാന്വേഷകരുടെ അപ്രതീക്ഷിതമായ വരവിൽ അവർക്കും സന്തോഷമായി എന്ന് തോന്നുന്നു.

അധികം മാറ്റമൊന്നുമില്ലാതെ ബെയിലിയുടെ വീട് ഇന്നും നിൽക്കുന്നു.

ബെയിലിയുടെ പുസ്തകങ്ങൾ എന്തെങ്കിലും ലഭ്യമാണോ എന്ന് തിരക്കിയിരുന്നു. ബെയിലിയുടെ കാലത്ത് ഈ പള്ളി ലിച്ച്ഫീൽഡ് (Lichfield) രൂപതയുടെ ഭാഗമായതിനാൽ അവിടെ അന്വേഷിക്കുന്നതാവും നല്ലതെന്ന് ഇയൻ പറഞ്ഞു. ഇപ്പോൾ ഷൈന്റൺ ഇടവക അവിടെനിന്നും മാറി, ഹെറിഫോഡ് (Hereford) രൂപതയിലായതിനാൽ അവിടെ ആയിരിക്കാനും സാധ്യതയുണ്ട്. ഷ്രോപ്ഷയർ കൗൺസിലിന്റെ ആർക്കൈവ്സ് ആണ് മറ്റൊരു സ്ഥലം.

ബെയിലിയുടെ സ്മാരകശില ഇങ്ങനെ തെളിഞ്ഞുതന്നെ സൂക്ഷിച്ചോളാം എന്ന് വാക്ക് തന്നു, ഇയൻ. ബ്രിട്ടീഷുകാർ പൊതുവേ അന്തർമുഖരാണെന്നാണല്ലോ പറച്ചിൽ. ഒരപരിചിതത്വവും അവിടെ തോന്നിയില്ല. ഞങ്ങൾക്ക് ചായയൊക്കെ തന്നേ വിട്ടുള്ളൂ.

ഷൈന്റണിൽനിന്ന് മൂന്ന് കിലോമീറ്റർ അകലെയുള്ള Much Wenlock-ൽ ആണ് സഞ്ചാരികൾ ചേക്കേറുന്നത്. 'much' എന്നാൽ വലിയ എന്നർഥം. അപ്പുറത്ത് Little Wenlock വേറെയുണ്ട്. ഇവിടേയും പഴയ പള്ളികളും കെ



*സെന്റ് പീറ്റർ ആൻഡ് സെന്റ് പോൾ പള്ളിയിൽ റെക്ടറായിരുന്നപ്പോൾ ബെഞ്ചമിൻ ബെയിലി താമസിച്ചിരുന്ന വീട്*
*ഇപ്പോൾ ഈ വീട്ടിൽ ഡോ. ഇയൻ താമസിക്കുന്നു.*

ട്ടിടങ്ങളും ധാരാളം. ആധുനിക കാലത്തെ ഒളിമ്പിക്സ് സ്ഥാപകരിൽ ഒരാളായ William Penny Brookes-നാണ് പ്രശസ്തിമുഴുവൻ. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ മൂന്ന് കിലോമീറ്റർ അപ്പുറം താമസ്സിച്ചിരുന്ന ബെയിലിയെ ആരും ഓർക്കുന്നില്ല.

13-ാം നൂറ്റാണ്ടിലെ, ഇടിഞ്ഞു പൊളിഞ്ഞ പള്ളിയാണ്, അവിടത്തെ പ്രധാന ആകർഷണം. കാശൊക്കെ കൊടുത്ത് കാണേണ്ട സ്ഥലമാണ്. ഞങ്ങളതിന് നിന്നില്ല. മാത്രമല്ല കുട്ടികൾ തിരിച്ചുപോകാനും തിരക്ക് കൂട്ടിക്കൊണ്ടിരുന്നു".

ദീർഘകാലത്തെ പ്രവാസജീവിതം കഴിഞ്ഞ് ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയ ബെയിലിക്ക് കുടുംബവീടുപോലെയായിരുന്ന ഷൈന്റൺ ദേവാലയം; ബെഞ്ചമിൻ ബെയിലിയും എലിസബത്ത് എല്ല ബെയിലിയും ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയതിനുശേഷം താമസിച്ച വീട്; അവരുടെ അന്ത്യവിശ്രമസ്ഥാനം-അതൊക്കെ ഒടുവിൽ നമ്മുടെ കാഴ്ചയിലെത്തി: ഷിജുവിലൂടെ, സിബുവിലൂടെ. ഇതുവരെ അതെല്ലാം അദൃശ്യവും വിദൂരവുമായ കേട്ടുകേൾവികൾ മാത്രം ആയിരുന്നു, മലയാളികൾക്ക്. ഷിജുവും സിബുവും തുടങ്ങിവെച്ച അന്വേഷണം ബെയിലിയുടെ ശവകുടീരത്തിലെത്തി അവസാനിക്കുകയല്ല; അവിടെ ആരംഭിക്കുകയാണ്. തുടരന്വേഷണങ്ങളിലൂടെ ബെയിലീവിജ്ഞാനീയത്തിന്റെ പുതിയ പുതിയ അധ്യായങ്ങൾ രചിക്കപ്പെടുകതന്നെ ചെയ്യും.

## കുറിപ്പുകൾ

1. ബെഞ്ചമിൻ ബെയിലി-ജീവിതരേഖ

1791 നവംബർ: ജനനം

1816: എലിസബത്ത് എല്ലയെ വിവാഹം കഴിച്ചു.

1816 മെയ് 4: എലിസബത്ത് എല്ലയോടൊപ്പം ഇൻഡ്യയിലേക്ക്

1816 സെപ്റ്റംബർ 9: ബെയിലിയും ഭാര്യയും മദ്രാസിൽ എത്തി.

1816 നവംബർ 16: ബെയിലിയും ഭാര്യയും കൊച്ചിയിൽ എത്തി.

1816 നവംബർ 19: ആലപ്പുഴയിൽ തോമസ് നോർട്ടന്റെ മിഷൻകേന്ദ്രത്തിൽ

1817 മാർച്ച് 25: ബെയിലിയും ഭാര്യയും 'കോട്ടയം കോളജി'ൽ എത്തി; ജോൺ മൺറോ ബെയിലിക്കുവേണ്ടി നിർമിച്ചുകൊണ്ടിരുന്ന ബംഗ്ലാവിന്റെ പണി പൂർത്തിയാകുംവരെ, അവർ കോളജിലെ ഒരു മുറിയിൽ താമസിച്ചു.

1817 മെയ്: ബെയിലി കോട്ടയം കോളജിൽ ഇംഗ്ലീഷ് ഭാഷാധ്യാപനത്തിനും ആധുനികവിദ്യാഭ്യാസത്തിനും തുടക്കംകുറിച്ചു.

1819: ബെഞ്ചമിൻ ബെയിലി എല്ല (1819–1883) ജനിച്ചു. ഇദ്ദേഹം ഒരു വൈദികനും കവിയുമായിരുന്നു.

1821 ഒക്ടോബർ 18: ബെയിലിയുടെ അച്ചടിശാലയ്ക്കുള്ള ആദ്യത്തെ പ്രസ്സ് കോട്ടയത്ത് കൊണ്ടുവന്നു. ഈ ദിനം സി.എം. എസ്. പ്രസ്സിന്റെ സ്ഥാപകദിനമായി കരുതിപ്പോരുന്നു.

1822: മകൻ ജോസഫ് ഗ്രഹാം ജനിച്ചു

1824: കേരളത്തിൽ അച്ചടിച്ച ആദ്യ മലയാള പുസ്തകങ്ങളായ *മത്തായിയുടെ എവൻഗെലിയോൻ*, *ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ* എന്നിവ പ്രസിദ്ധപ്പെടുത്തി; രണ്ടിന്റെയും പരിഭാഷകൻ ബെഞ്ചമിൻ ബെയിലി.

1825: മകൾ എലിസബേത്ത് സോഫയ ജനിച്ചു

1827: ബെയിലി തടികൊണ്ട് ഒരു അച്ചടിയന്ത്രം ഉണ്ടാക്കി; മകൻ മൈക്കിൾ ബക്വർത്ത് ജനിച്ചു

1828: മകൾ മന്ന ജറിമിയ ജനിച്ചു

1829: *ബൈബിൾ പുതിയനിയമം* പരിഭാഷപ്പെടുത്തി, പ്രസിദ്ധീകരിച്ചു

1835 മാർച്ച് 8: ബെയിലിയും ജോസഫ് പീറ്റുംചേർന്ന് മൺറോതുരുത്തിലെ അടിമകളെ സ്വതന്ത്രരാക്കി (കേരളത്തിലെ ആദ്യ അടിമവിമോചനം).



*സെന്റ് പീറ്റർ ആൻഡ് സെന്റ് പോൾ പള്ളിയുടെ മുഖ്യകവാടം*

1839: *ബൈബിൾ പഴയനിയമം* ഒന്നാംപങ്ക് പ്രസിദ്ധപ്പെടുത്തി.

1840: *ബൈബിൾ പഴയനിയമം* രണ്ടാംപങ്ക് പ്രസിദ്ധപ്പെടുത്തി.

1841: *ബൈബിൾ പഴയനിയമം* രണ്ടാംപങ്ക് പ്രസിദ്ധപ്പെടുത്തി

1842: ബെയിലി പരിഭാഷകനും പ്രസാധകനുമായുള്ള *സത്യവേദത്തിലുള്ള കഥകൾ* പ്രസിദ്ധപ്പെടുത്തി

1846: ബെയിലിയുടെ *മലയാളം-ഇംഗ്ളീഷ്* നിഘണ്ടു

1849: ബെയിലിയുടെ *ഇംഗ്ളീഷ് -മലയാളം* നിഘണ്ടു

1850 മാർച്ച് 13: ഇംഗ്ലണ്ടിലേക്കു മടങ്ങി

1871 ഏപ്രിൽ 3: ഇംഗ്ലണ്ടിലെ ഷൈന്റണിൽ മരിച്ചു. വയസ്സ് 80.

2. ആധുനികതയുടെ (modernity) രൂപപ്പെടലിൽ പ്രധാനമായൊരു ഘടകമാണ് സ്ഥാപനങ്ങൾ (institutions). കോട്ടയത്തുണ്ടായതും ആധുനികതയുടെ പ്രാതിനിധ്യം വഹിച്ചവയുമായ സ്ഥാപനങ്ങളുടെ പട്ടികയും പ്രസ്തുത സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച്, താഴത്തങ്ങാടിയിൽ ഏകദേശം 300 പേരുമാത്രം അധിവസിച്ചിരുന്ന കോട്ടയം എന്ന ഗ്രാമം കിഴക്കോട്ടു വ്യാപിച്ച്, ആധുനിക കോട്ടയം പട്ടണം രൂപപ്പെട്ടതിന്റെ ചരിത്രവും താഴേ വിശദമാക്കുന്നു.

1815: തിരുവിതാംകൂർ ദിവാനും ബ്രിട്ടീഷ് റസിഡന്റുമായിരുന്ന ജോൺ മൺറോ കോട്ടയംഗ്രാമത്തിന്റെ കിഴക്കേ അതിർത്തിയോടുചേർന്ന്, മീനച്ചിലാറിന്റെ തീരത്ത്, 'കോട്ടയം കോളജ്' സ്ഥാപിച്ചു; കോളജ് സ്ഥാപിക്കുന്നതിനു പല സ്ഥലങ്ങൾ പരിഗണിച്ചിരുന്നുവെങ്കിലും താൻ റസിഡന്റായിരുന്ന തിരുവിതാംകൂർ, കൊച്ചി എന്നീ രാജ്യങ്ങളുടെ ഏകദേശം മധ്യഭാഗമായിരുന്ന കോട്ടയമാണ് മൺറോ തിരഞ്ഞെടുത്തത്. കോളജിന്റെ സുപ്രണ്ട് (പ്രിൻസിപ്പൽ) എന്ന നിലയിൽ ബെഞ്ചമിൻ ബെയിലി 1817-ൽ അവിടെ ഇംഗ്ലീഷ് ഭാഷാധ്യാപനവും ആധുനിക വിദ്യാഭ്യാസവും ആരംഭിച്ചു. വിവിധ ആധുനിക വിഷയങ്ങളിൽ പ്രഗത്ഭരായ മിഷനറി അധ്യാപകർ എത്തിച്ചേരുന്നതുവരെ കോളജിൽ സുറിയാനിഭാഷമാത്രം പഠിപ്പിച്ചു.

1821: ബെയിലി കോളജിൽനിന്ന് കിഴക്കുമാറി സി.എം.എസ്. പ്രസ്സ് സ്ഥാപിച്ചു.

1838: സി.എം.എസ്. പ്രസ്സ് നിന്നിരുന്ന കുന്നിന്റെ കിഴക്കുള്ള മറ്റൊരു കുന്നിലേക്ക്, കോട്ടയം കോളജ് മാറ്റി സ്ഥാപിക്കപ്പെട്ടു.

1842: ബെയിലി സി.എം.എസ്. പ്രസ്സിനോട് ചേർന്ന് ഹോളി ട്രിനിറ്റി പള്ളി പണിതു. പണിത കാലത്ത്, തെക്കേ ഇന്ത്യയിലേക്കും മികച്ചതും ശിൽപ്പഭംഗിയുള്ളതുമായിരുന്നു ഈ ദേവാലയം.

വളരെ പെട്ടെന്ന് 'കോട്ടയം കോളജ്' കോട്ടയത്തെ ഏറ്റവും ശ്രദ്ധേയമായ സ്ഥാപനമായി ത്തീർന്നു-വിദ്യാർഥികൾ, അധ്യാപകർ, അതുവരെ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത ഒരു വിദ്യാഭ്യാസക്രമം; പ്രിൻസിപ്പൽ മിൽ, കേണൽ വെൽഷ്, കേണൽ ഡിഗ്ബി മഗ്വർത്ത്, ചരിത്രകാരനായ ജെയിംസ് ഹ്യൂ തുടങ്ങി പ്രശസ്തരായ ഒട്ടനവധി പേര് ഇൻഡ്യയുടെ നാനാഭാഗത്തുനിന്ന് 'കോട്ടയം കോളജ്' സന്ദർശിക്കാനെത്തി. ദിവാന്റെ താൽപ്പര്യത്തിൽ തിരുവിതാംകൂർ രാജകീയ സർക്കാരിന്റെ ശ്രദ്ധയും സഹായങ്ങളും ധാരാളമായി ലഭിച്ചു; ജോൺ മൺറോയുടെ രക്ഷാധികാരിത്വവും സി.എം.എസ്. മിഷനറിമാരുടെ പരിപാലനവും അതിനെ മികച്ച ഉന്നതവിദ്യാഭ്യാസകേന്ദ്രമായി വളർത്തി. തൊട്ടുപുറകെ, 'കലയും സാഹസികതയും' എന്നു പേരുകേട്ട അച്ചടിയുടെ പേരിൽ കോട്ടയം വിശ്രുതമായി. 1836-ൽ തിരുവിതാംകൂർ മഹാരാജാവ് സ്വാതിതിരുനാൾ കേരളത്തിന്റെ തെക്കേ അറ്റത്തുനിന്ന് കോട്ടയത്തെത്തി, അച്ചടിശാല സന്ദർശിച്ചു. സർക്കാരിന്റെ പല സാമഗ്രികളും അവിടെ അച്ചടിച്ചു. കേരളത്തിന്റെ തെക്കേ അറ്റം വരെമാത്രമല്ല, വടക്കേയറ്റംവരെയും കോട്ടയം സി.എം.എസ്. പ്രസ്സ് പ്രസിദ്ധമായിരുന്നു. മലയാളത്തിന്റെ ജീനിയസ് എന്നു വിശേഷിപ്പിക്കാവുന്ന ഡോ. ഹെർമൻഗുണ്ടർട്ട് പുസ്തകങ്ങൾ അച്ചടിക്കുന്നതിനായി കോട്ടയത്ത് എത്തിയിരുന്നു.


ഡോ. ഇയൻ സിബുവിന്റെ സഹോദരൻ സി.ജെ. ജോസഫിനൊപ്പം

19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, ഇന്നത്തെ കോട്ടയം പട്ടണത്തിന്റെ പടിഞ്ഞാറുമാറി, മീനച്ചിലാറിന്റെ ഓരം പറ്റി കിടന്നിരുന്ന ഒരു ഗ്രാമമായിരുന്നു കോട്ടയം (ഇപ്പോൾ ആ ഭാഗം താഴത്തങ്ങാടി എന്ന് അറിയപ്പെടുന്നു). ആധുനിക കോട്ടയം പട്ടണത്തിന്റെ രൂപപ്പെടലിനു തുടക്കംകുറിച്ചുകൊണ്ട് ആ ഗ്രാമം കിഴക്കോട്ടു വ്യാപിച്ചതും, അതേ പേരിൽ ഒരു പട്ടണമായി വികസിച്ചതും ടി. സ്ഥാപനങ്ങളിലൂടെയാണ്. ഇത്തരത്തിൽ ശ്രദ്ധേയമായ ആധുനിക ചെറുനഗരമായി കോട്ടയം വികസിച്ചുകഴിഞ്ഞ സന്ദർഭത്തിലാണ്, 1860-ൽ തിരുവിതാംകൂർ സർക്കാർ റവന്യു ഡിവിഷനുകൾ പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചത്. അതുവരെ തെക്കേമുഖം, വടക്കേമുഖം എന്നിങ്ങനെ രണ്ടുമുഖങ്ങളായി തിരിക്കപ്പെട്ടിരുന്ന തിരുവിതാംകൂർ രാജ്യം നാലുമുഖങ്ങളായി (റവന്യു ഡിവിഷൻ) വിഭജിച്ചു. കോട്ടയം പട്ടണം ആസ്ഥാനമായി കോട്ടയം എന്ന പേരിൽത്തന്നെ പുതിയ ഒരു മുഖം രൂപീകരിക്കപ്പെട്ടു.

ഒരു പുതിയ മുഖം ഉണ്ടായപ്പോൾ അവിടെ ഒരു കച്ചേരി (കച്ചേരി ഭരണനിർവഹണകേന്ദ്രവും കോടതിയുമായിരുന്നു) സ്ഥാപിക്കപ്പെടുകയും മുഖത്തിന്റെ ഭരണാധികാരിയായി ഒരു ദിവാൻ പേഷ്കാർ നിയമിക്കപ്പെടുകയും ചെയ്തു.

1860-ൽ തിരുവിതാംകൂറിൽ മറ്റൊരു പ്രധാന കാര്യംകൂടി സംഭവിച്ചു: തിരുവിതാംകൂർ സർക്കാർ പൊതുമരാമത്തു വകുപ്പ് ഉണ്ടാക്കിയത്, ആ വർഷംതന്നെയായിരുന്നു.

പുതിയതായി രൂപീകരിക്കപ്പെട്ട കോട്ടയം റവന്യൂഡിവിഷന്റെ അധികാരികളുടെ ശ്രദ്ധ റോഡുനിർമാണത്തിൽ സ്വാഭാവികമായും സാന്ദർഭികമായും പതിഞ്ഞു. തൽഫലമായി കോട്ടയത്തുനിന്ന് എല്ലാ ദിശകളിലേക്കും റോഡുകൾ നിർമിക്കപ്പെട്ടു. 1874-ൽ കോട്ടയം-ചങ്ങനാശ്ശേരി റോഡ്, 1875-78-ൽ കോട്ടയം-ആലുവ റോഡ്, 1870-1880 കോട്ടയം - കുമളി (കെ.കെ.) റോഡ് (കോട്ടയം-ചങ്ങനാശ്ശേരി റോഡ് കോടിമതയിലെത്തി അവസാനിച്ചതുകൊണ്ട് കെ.കെ. റോഡ് കോടിമതയിൽനിന്ന് ആരംഭിച്ച്, മുമ്പൊരു പുൽമേടായിരുന്ന തിരുനക്കരയെത്തി കിഴക്കോട്ട്

തിരിഞ്ഞുപോയി) റോഡുകളെല്ലാം സന്ധിക്കുന്ന സ്ഥലം തിരുനക്കര ആയതോടുകൂടി, കോട്ടയത്തെ പ്രധാന ജങ്ഷൻ (പിന്നീട്, സെൻട്രൽ ജങ്ഷൻ) തിരുനക്കരയിൽ ആകുകയും ആധുനിക കോട്ടയം പട്ടണത്തിന്റെ പിന്നീടുള്ള വികാസം ഈ കവലയും (ജങ്ഷനും) തിരുനക്കരയും കേന്ദ്രീകരിച്ചാകുകയും ചെയ്തു. കോട്ടയത്തെ ആദ്യ സർക്കാർ സ്കൂൾ പിൽക്കാലത്ത് (സെൻട്രൽ) ജങ്ഷനു സമീപം സ്ഥാപിക്കപ്പെട്ടു.

കോട്ടയം പട്ടണത്തിന്റെ പിൽക്കാല പുരോഗതിയുമായി ബന്ധപ്പെടുത്തി പറയേണ്ട ഒരു സ്ഥാപനവും ഒരു ഭരണാധികാരിയുമുണ്ട്: സ്ഥാപനം കോട്ടയം പബ്ലിക് ലൈബ്രറിയും (1882) ഭരണാധികാരി 1878 മുതൽ 1887 വരെ കോട്ടയം ഡിവിഷന്റെ ദിവാൻ പേഷ്കാർ ആയിരുന്ന ടി. രാമറാവുവും ആണ് (ഇദ്ദേഹം കോട്ടയം മുഖത്തിന്റെ പേഷ്കാർ ആകുംമുമ്പ് ദീർഘകാലം കൊല്ലംമുഖത്തിന്റെ പേഷ്കാരായി സേവനം അനുഷ്ഠിച്ചിരുന്നു).

1882-ൽ സ്ഥാപിക്കപ്പെട്ടതാണ് കോട്ടയം പബ്ലിക് ലൈബ്രറി. കോട്ടയത്തെ വിദ്യാസമ്പന്നരായ പൊതുജനങ്ങളുടെയും സി.എം.എസ്. മിഷനറിമാരുടെയും സംയുക്ത ശ്രമഫലമായിരുന്നു, ഈ ലൈബ്രറി. സി.എം.എസ്. മിഷനറിയായിരുന്ന ജോൺ കെയ്‌ലി ആയിരുന്നു ആദ്യ സെക്രട്ടറി. സംഘാടകർ സെൻട്രൽ ജങ്ഷൻ സ്ഥിതി ചെയ്യുന്ന തിരുനക്കരത്തന്നെ ലൈബ്രറി സ്ഥാപിക്കാൻ തീരുമാനിച്ചു. അതിനായി സെൻട്രൽ ജങ്ഷനോടുചേർന്ന് ഏഴു സെന്റ് സ്ഥലം സെക്രട്ടറി ജോൺ കെയ്‌ലിയുടെ പേരിൽ ആധാരമെഴുതി, വാങ്ങി. ആ സ്ഥലവും അതിൽ നിർമിച്ച കെട്ടിടവും ഇപ്പോഴും അവിടെ ഉണ്ട്. സി.എം.എസ്. കോളജിലെ അധ്യയനപ്രവർത്തനങ്ങൾക്ക് അനുപൂരകമായിനിന്ന്, ആധുനികവിദ്യാഭ്യാസത്തെ പിന്തുണയ്ക്കുക എന്നുള്ളതായിരുന്നു കോട്ടയം പബ്ലിക് ലൈബ്രറിയുടെ തുടക്കകാലത്തെ ലക്ഷ്യം. അക്കാലത്ത് ഇംഗ്ലീഷ് വർത്തമാനപത്രങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളുംമാത്രമേ ലൈബ്രറിയിൽ ഉണ്ടായിരുന്നുള്ളു.

1878 മുതൽ 1887 വരെ കോട്ടയം ദിവാൻ പേഷ്കാർ ആയിരുന്ന ടി. രാമറാവു തിരുനക്കര സെൻട്രൽ ജങ്ഷനു സമീപത്തേക്ക് കച്ചേരി മാറ്റി സ്ഥാപിച്ചു. 'പുത്തൻചന്ത'ഭാഗത്തുനിന്ന് ചന്ത ഇപ്പോഴത്തെ സ്ഥലത്തേക്ക് (ചന്തയിൽക്കടവ്) മാറ്റി സ്ഥാപിച്ചതും അദ്ദേഹമായിരുന്നു. സാംസ്കാരിക കാര്യങ്ങളിലും തൽപ്പരനായിരുന്ന രാമറാവു പ്രമുഖപ്രഭാഷകരെ ക്ഷണിച്ചുവരുത്തി (തിരുനക്കര) ഗവണ്മെന്റ് സ്കൂളിൽവെച്ച് പ്രഭാഷണങ്ങൾ നടത്തിയിരുന്നു. ആർച്ച് ഡീക്കൻ കോശി കോശി, റിച്ചാർഡ്സ്, ഉമ്മൻ മാമ്മൻ, വയസ്കര മൂസ്, കെ. ചാക്കോ തുടങ്ങിയ പണ്ഡിതന്മാർപ്രഭാഷകരിൽ ഉൾപ്പെട്ടിരുന്നു. അദ്ദേഹം കോട്ടയം പബ്ലിക് ലൈബ്രറിയുടെ പ്രവർത്തനങ്ങളിലും താൽപ്പര്യമെടുത്തിരുന്നു.

3. ഷിജു അലക്സ്, സിബു സി.ജെ., സുനിൽ വി.എസ്. എന്നിവർ നിർവഹിക്കുന്ന ഗവേഷണങ്ങൾ മലയാളം അച്ചടിയുടെയും പുസ്തകപ്രസാധനത്തിന്റെയും ചരിത്രം സംബന്ധിച്ചുള്ള വിലപ്പെട്ട അറിവുകളാണ് പുറത്തുകൊണ്ടുവരുന്നത്. അതിലുപരിയായി, മൂല്യവത്തായ ഗവേഷണം എങ്ങനെയായിരിക്കണം എന്നുള്ളതിലേക്ക്, മലയാളം ഗവേഷകർക്ക് ആശ്രയിക്കാവുന്ന നല്ല മാതൃകകൾകൂടിയാണ് ആ പഠനങ്ങൾ. ഇവരാരും മലയാളഭാഷയും സാഹിത്യവും പഠിച്ചിട്ടുള്ളവരോ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട മേഖലകളിൽ ജോലി ചെയ്യുന്നവരോ അല്ല. അവരുടെ ചില പ്രബന്ധങ്ങൾ നോക്കുക:

(i)'ചന്ദ്രക്കല: ഉൽഭവവും പ്രയോഗവും' ('മലയാളം റിസേർച്ച് ജേണൽ' വാല്യം 7, ലക്കം 2, മെയ്-ഓഗസ്റ്റ് 2014)

(ii)'മുണ്ടക്കയം: മലയാളം അച്ചടിയിലെ അറിയപ്പെടാത്ത ചരിത്രം' ('മലയാളം റിസേർച്ച് ജേണൽ' വാല്യം 11, ലക്കം 3, സെപ്റ്റംബർ-ഡിസംബർ 2018)

(iii)'ചതുരങ്കപട്ടണം അരുണാചലമുതലിയാരുടെ വിദ്യാവിലാസം അച്ചുകൂടം' ('മലയാളം റിസേർച്ച് ജേണൽ' വാല്യം 12, ലക്കം 2, മെയ്-ഓഗസ്റ്റ് 2019)

## Reference


1. Agur, C.M. 1903. *Church History of Travancore*. Madras, Veprey:S.P.S. Press
2. Albrecht Frenz, Scaria Zacharia 1991. *Dr. Herman Gundert*. Kottayam: D.C. Books
3. Babu Cherian 2009. *Benjamin Bailey*. Kottayam: Sahitya Pravarthaka Sahakarana Sangham
4. .................... 2014. *Towards Modenity: The story of the first college in India*. Delhi: Media House
5. www.shijualex.in
6. http://www.slowe.eclipse.co.uk/Churches%20in%20the%20Team.htm#Sheinton
7. http://www.flickr.com/photos/34691969@N04/6352845538/
8. https://www.britishlistedbuildings.co.uk/101175850-church-of-st-peter-and-st-paul-sheinton